I ഇ.ബി. XIV-കേരള നിയമസഭ/XIX-3

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 മാർച്ച് 04, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ചരക്ക് സേവന നികുതി

മി. സ്പീക്കർ: ചരക്ക് സേവന നികുതി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാത്തതുകൊണ്ട് സംസ്ഥാനത്ത് അപകടകരമായൊരു സമാന്തര സ്വർണ്ണ വിപണന ശൃംഖല രൂപപ്പെടുകയും മൂവായിരം കോടിയിലധികം രൂപ ലഭിക്കേണ്ട സ്വർണ്ണത്തിന്മേലുള്ള നികുതി മുന്നൂറ് കോടിയിൽ താഴെയാകുകയും ചെയ്ത ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, മോൻസ്

ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേരളത്തിൽ ഗണ്യമായ തോതിൽ നികുതിചോർച്ച ഉണ്ടാകാനുള്ള പ്രധാന കാരണം സ്വർണ്ണക്കള്ളക്കടത്താണ്. ബില്ല് വാങ്ങുന്നതിലും കൊടുക്കുന്നതിലും ഉപഭോക്താവിനും വിൽക്കുന്ന ആളിനും താല്പര്യമില്ലാത്തതും മുമ്പ് സ്വർണ്ണത്തിനുണ്ടായിരുന്ന റിവേഴ്സ് ടാക്സ് ജി.എസ്.ടി. വന്നപ്പോൾ ഇല്ലാതായതും പത്തുമുതൽ അമ്പത് ശതമാനം വരെ അന്തർസംസ്ഥാന ബ്രാഞ്ചുകൾ തമ്മിൽ നടത്തുന്ന ട്രാൻസാക്ഷനുകൾക്ക് ഇൻവോയ്സും ഇ-വേ ബില്ലും ആവശ്യമില്ലാത്തതുമാണ് നികുതി കുറയാൻ കാരണം. ജി.എസ്.ടി. കൗൺസിലിൽ പ്രശ്നം ഉന്നയിച്ചെങ്കിലും അനുകൂല തീരുമാനമുണ്ടായില്ല. കേരളത്തിന്റെ നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ പരിഗണിക്കുമെന്നും അതിന്റെയടിസ്ഥാനത്തിൽ നികുതിചോർച്ച തടയാൻ കഴിയുമെന്നുമാണ് കരുതുന്നത്.

ശ്രീ. വി. ഡി. സതീശൻ: മൂല്യവർദ്ധിത നികുതി സമ്പ്രദായം അവസാനിക്കുന്ന വർഷം സംസ്ഥാനത്ത് സ്വർണ്ണത്തിന്മേലുള്ള നികുതി വരുമാനം 750 കോടി രൂപയായിരുന്നു. എന്നാൽ ചരക്കു സേവന നികുതി മൂന്ന് ശതമാനമായി വർദ്ധിച്ചിട്ടും

സ്വർണ്ണത്തിന്റെ വില 50 ശതമാനത്തോളം ഉയർന്നിട്ടും നികുതി വരുമാനം ഗണ്യമായി കുറയുകയാണുണ്ടായത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണ്ണം വിറ്റഴിക്കുന്ന സംസ്ഥാനം കേരളമാണ്. നികുതി വെട്ടിച്ചുകൊണ്ട് സ്വർണ്ണവിപണിയിൽ സമാന്തര സ്വർണ്ണ വിപണന ശൃംഖല രൂപപ്പെട്ടിരിക്കുകയാണ്. സമീപകാലത്ത് പിടികൂടിയ സ്വർണ്ണക്കള്ളക്കടത്തിൽ ഭൂരിഭാഗവും കേരളത്തിലേയ്ക്കെത്തുകയും അവ നികുതി വെട്ടിച്ച് വിറ്റഴിക്കുകയുമാണ് ചെയ്യുന്നത്. കസ്റ്റംസും ഡി.ആർ.ഐ.-യുമായി ചേർന്ന് സമാന്തര സ്വർണ്ണ വിപണന ശൃംഖലയ്ക്കെതിരെ നടപടി സ്വീകരിക്കാത്ത സാഹചര്യമാണുള്ളത്. ജി.എസ്.ടി. നികുതി ഭരണസംവിധാനം പുന:സംഘടിപ്പിക്കാത്തതിന്റെ ഫലമായി സർവൈലൻസ്, ഇന്റലിജൻസ് സംവിധാനങ്ങൾ തകരുകയും സ്വർണ്ണക്കള്ളക്കച്ചവടത്തിന് കൂട്ടുനിൽക്കുന്ന വകുപ്പായും മാറിയിരിക്കുന്നു. ഇതിനെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നിയമനടപടികൾക്ക് ജി.എസ്.ടി. നിയമം അധികാരം നൽകുന്നുവെങ്കിലും സർക്കാർ അതിന് തയ്യാറാകുന്നില്ല. സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന സ്വർണ്ണത്തിന്റെ ഡാറ്റ ശേഖരിക്കുന്നതിനും പഴയ സ്വർണ്ണത്തിന്റെ ലേലനടപടി പ്രക്രിയയിൽ നികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും അനധികൃത സ്വർണ്ണ നിർമ്മാണശാലകൾ കണ്ടെത്തുന്നതിനും ആഭരണനിർമ്മാണത്തിനുപയോഗിക്കുന്ന രാസവസ്തുക്കളുടെ

വിവരം ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സ്വർണ്ണക്കള്ളക്കടത്ത് പിടിച്ചാൽ ജി.എസ്.ടി. നിയമപ്രകാരം മാത്രമേ വകുപ്പിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ജി.എസ്.ടി. നിയമത്തിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ടാണ് വകുപ്പ് സ്വർണ്ണ നിർമ്മാണശാലകളിൽനിന്ന് അനധികൃത നിർമ്മാണം കണ്ടെത്തുകയും പരിശോധന നടത്തുകയും ചെയ്തത്. സി-ഡാക്-ലൂടെ നടത്തുന്ന പരിശോധനകൾക്ക് കാലതാമസം നേരിടുന്നതിനാൽ നികുതി വകുപ്പ് സൈബർ ഫോറൻസിക് ലാബ് ആരംഭിക്കുന്നതാണ്. സ്വർണ്ണത്തിന്റെ അനധികൃത നിർമ്മാണവും കള്ളക്കടത്തും കണ്ടെത്തുന്നതിനായി ജി.എസ്.ടി. നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. സ്വർണ്ണത്തിന്മേലുള്ള നികുതി വെട്ടിപ്പ് തടയാൻ കർശന നടപടി സ്വീകരിക്കുന്നതാണ്. നിയമം കർശനമാക്കുന്നതിന്റെ ഭാഗമായി 75 കടകളുടെ കണക്കുകൾ സി-ഡാക് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധ ക്ഷണിക്കൽ**

(1) പ്രളയദുരിതാശ്വാസം

ശ്രീ. ജെയിംസ് മാത്യു: സംസ്ഥാനത്ത് തുടർച്ചയായുണ്ടായ പ്രളയമുൾപ്പെടെയുള്ള പ്രകൃതിക്ഷോഭത്തിൽ വൻതോതിലുണ്ടായ നാശനഷ്ടം കണക്കാക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം പര്യാപ്തമല്ല. പ്രളയദുരിതാശ്വാസ സഹായം അനുവദിക്കുന്നതിലുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനം അവസാനിപ്പിക്കണം. നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിലും വിനിയോഗിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളിലും മാറ്റം വരുത്താനും അർഹമായ പ്രളയ ദുരിതാശ്വാസം അനുവദിക്കാത്ത കേന്ദ്ര സർക്കാർ തീരുമാനം തിരുത്തുന്നതിനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): 2018-ലുണ്ടായ ദുരന്ത നിവാരണപ്രവർത്തനങ്ങൾക്കായി ദേശീയ ദുരന്തപ്രതികരണ നിധിയുടെ

മാനദണ്ഡപ്രകാരം 5,616 കോടി രൂപയുടെ അധിക ധനസഹായം അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ 2,904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-ലെ പ്രളയാനന്തര നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി കേരളത്തിലെത്തിയ ഏഴംഗ കേന്ദ്ര അന്വേഷണ സംഘത്തിന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ സമർപ്പിച്ച നിവേദനത്തിന്മേൽ പ്രത്യേക പരിഗണന നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. 2019-ലെ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും 2101.88 കോടി രൂപയുടെ അധികസഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചു. 2019-20 സാമ്പത്തികവർഷത്തെ calamity wise expenditure സമർപ്പിക്കാൻ കേന്ദ്രസർക്കാരിൽ നിന്നും ആവശ്യപ്പെട്ടതുപ്രകാരം ആയത് നൽകിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തര ധനസഹായം ഇതുവരെ അനുവദിച്ചിട്ടില്ല.

(2) <u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിനും ബാക്ക്‌ലോഗ് നികത്തുന്നതിനും പി.എസ്.സി. സ്വീകരിച്ചിട്ടുള്ള നിയമന പുരോഗതി വിലയിരുത്തുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ റിവ്യൂ കമ്മിറ്റി രൂപീകരിച്ച് അവലോകനം നടത്തുന്നുണ്ടെങ്കിലും

മതിയായ ഒഴിവില്ലെന്ന കാരണത്താൽ നിയമനം പരമാവധി വൈകിപ്പിക്കുന്ന സ്ഥിതി അവസാനിപ്പിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി റിസർവ് ചെയ്തിട്ടുള്ള തസ്തികകൾ കണ്ടെത്തി യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ നിർദ്ദേശം നൽകുകയും തസ്തികയില്ലാത്തപക്ഷം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുകയും വേണം. ആരോഗ്യം, പൊതുഭരണം, പൊതുമരാമത്ത് വകുപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി റിപ്പോർട്ട് ചെയ്ത തസ്തികകളിന്മേൽ പരീക്ഷ നടത്തി നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുകയും വിവിധ തസ്തികകളിൽ ഇവർക്കായി നിശ്ചയിച്ചിട്ടുള്ള ഒഴിവുകളിൽ നിയമനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലെ നിയമനം സംബന്ധിച്ച 2019 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള ത്രൈമാസ അവലോകന റിപ്പോർട്ടുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിസർവ് ചെയ്തിട്ടുള്ള ഒഴിവുകളിൽ 877 എണ്ണവും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി റിസർവ് ചെയ്തിട്ടുള്ള ഒഴിവുകളിൽ 1066 എണ്ണവും നികത്താനുണ്ട്. ഒഴിവുകൾ

യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ വകുപ്പുതലവന്മാർക്കും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ പി.എസ്.സി.-ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് മൃഗസംരക്ഷണം, ഫയർ ആന്റ് റെസ്ക്യൂ, ആരോഗ്യം എന്നീ വകുപ്പുകളിൽ പരിശോധന പൂർത്തിയാക്കി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസം, വ്യവസായ പരിശീലനം എന്നീ വകുപ്പുകളിലെ പരിശോധന പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി സർക്കാർ ജീവനക്കാരിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഗസറ്റഡ്-നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറി തിരിച്ച് അവലോകനം ചെയ്യുകയും പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ നികത്തുന്നതിനാവശ്യമായ തസ്തികകൾ റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന റിവ്യൂ മീറ്റിംഗിൽ ബന്ധപ്പെട്ടവർക്ക് നൽകിയിരുന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

## III സബ്മിഷൻ

(1) <u>മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെയുള്ള അക്രമം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനാവശ്യമായ

നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാധ്യമപ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെ ദേശീയതലത്തിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളുടെ പശ്ചാത്തലത്തിൽ മാധ്യമസ്വാതന്ത്ര്യത്തിന് ഭരണഘടനാപരമായ പരിരക്ഷ ഉറപ്പുവരുത്തേണ്ടത് കേന്ദ്രസർക്കാരായതിനാൽ ഇതിനായി ഒരു പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് അഭ്യർത്ഥിക്കാവുന്നതാണ്. മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരായ അക്രമങ്ങൾ തടയാൻ നിലവിലുള്ള നിയമങ്ങൾ കേരളത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്; വീഴ്ചയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം.

## (2) സാമ്പത്തിക സംവരണം

ശ്രീ. പി. സി. ജോർജ്: മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് സാമ്പത്തിക സംവരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ 10 ശതമാനം സംവരണം ബാധകമാക്കി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ക്രീമിലെയർ ആനുകൂല്യത്തിനുള്ള വാർഷിക വരുമാന പരിധിയായ 8 ലക്ഷം രൂപ മുന്നോക്കക്കാരിലെ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും നൽകുന്നതുസംബന്ധിച്ച് പഠിക്കുന്നതിനായി നിയമിച്ച കമ്മീഷൻ പ്രത്യേക ചോദ്യാവലി തയ്യാറാക്കി അഭിപ്രായങ്ങൾ ശേഖരിക്കുകയും വാർഷിക വരുമാനം നാലുലക്ഷമായി നിജപ്പെടുത്തി ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഇപ്പോഴില്ല.

(3) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സംരക്ഷണം

ശ്രീ. കെ. കുഞ്ഞിരാമൻ: BHEL EML-ലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉദുമ സ്പിന്നിംഗ് മിൽ ലാഭകരമാക്കി തുണി ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് അനുവദിക്കുന്നതിനും ആസ്റ്റൽ വാച്ച് കമ്പനിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ പൊതുമേഖലാ സ്ഥാപനം ആരംഭിക്കുന്നതിനും ചീമേനി ഐ.ടി. പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച BHEL EML-ലെ 51 ശതമാനം ഓഹരികളും വാങ്ങിക്കൊണ്ട് പ്രസ്തുത സ്ഥാപനത്തെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചത്. കരട് വിൽപ്പന കരാർ ഒപ്പിടുന്നതിന് കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടികൾക്ക് താമസം

നേരിടുകയാണ്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും അവസ്ഥ പരിഗണിച്ച് 6.65 കോടി രൂപ സാമ്പത്തിക സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ആസ്ട്രൽ വാച്ച് കമ്പനി പ്രവർത്തനരഹിതമായതിനെത്തുടർന്ന് ആസ്തികളും ബാധ്യതകളും ഭൂമിയും കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറുകയും ടി സ്ഥലത്ത് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിക്കുള്ള ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഐ.ടി. വകുപ്പിന്റെ ഉടമസ്ഥതയിൽ ചീമേനിയിലുള്ള 100 ഏക്കർ സ്ഥലത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(4) <u>പ്രളയ ദുരിതാശ്വാസ ആനുകൂല്യം</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: പ്രളയ ദുരിതാശ്വാസം കൃത്യസമയത്ത് ലഭിക്കാത്തതിനാൽ ആത്മഹത്യ ചെയ്ത പള്ളിക്കവല സ്വദേശി സനലിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: വയനാട് ജില്ലയിൽ പ്രളയ ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച സനലിന്റേതടക്കമുള്ള കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കാനും അടിയന്തര ധനസഹായം ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് ആയത് നൽകാനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): വയനാട്

ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ സനൽ ചന്ദ്രൻ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ നടത്തിയ പരിശോധനയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആദ്യഗഡുവായ 1,01,900/- രൂപ ശ്രീമതി സജിനിയുടെ പേരിൽ അനുവദിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ട്രഷറിയിൽ നിന്നും ലഭിച്ച ബാങ്ക് റിജക്ഷൻ ലിസ്റ്റിൽ ഈ പേരും ഉൾപ്പെട്ട സാഹചര്യത്തിൽ തഹസീൽദാർ അന്വേഷണം നടത്തുകയും കക്ഷി ലഭ്യമാക്കിയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ജനപ്രിയ അക്കൗണ്ടിൽ 50,000/- രൂപ മാത്രമേ ഒരു സമയത്ത് ക്രെഡിറ്റ് ചെയ്യാൻ സാധിക്കുകയുള്ളുവെന്ന് മനസ്സിലാക്കുകയും ചെയ്തു. ഇത്തരത്തിൽ റിജക്ട് ചെയ്ത കേസുകൾ പുന:പരിശോധിച്ച് പരിഹാരം കണ്ടെത്താൻ ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തര ധനസഹായം ലഭിക്കാത്തവരുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(5) അതിർത്തി നിർണ്ണയം

ശ്രീമതി ഇ. എസ്. ബിജിമോൾ: പീരുമേട്ടിൽ അർഹരായവർക്ക് പട്ടയം ലഭ്യമാക്കുന്നതിനും റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പീരുമേട്, ഏലപ്പാറ വില്ലേജുകളുടെ റീ സർവ്വേ പ്രവൃത്തികൾ നടന്നുവരികയാണ്.

റോഡ്, തോട്, പുറമ്പോക്ക്, സർക്കാർ ഭൂമി എന്നിവ നിർണ്ണയിച്ച് അതിർത്തി തിട്ടപ്പെടുത്തുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിച്ച് പട്ടയ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

(6) തടയണ നിർമ്മാണം

ശ്രീ. ബി. സത്യൻ: വർക്കല, ചിറയിൻകീഴ് താലൂക്കുകളിലെ കുടിവെള്ള പദ്ധതികൾക്കാവശ്യമായ ജലം ലഭ്യമാക്കുന്ന വാമനപുരം നദിയിൽ തടയണ നിർമ്മിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വാമനപുരം നദിയിലെ തടയണ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

(7) കുടിവെള്ള പദ്ധതി

ശ്രീ. വി. ടി. ബൽറാം: പരുതൂർ, തിരുവേഗപ്പുറ, മുതുതല കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനും ആനക്കര, കപ്പൂർ, പട്ടിത്തറ കുടിവെള്ള പദ്ധതിക്ക് 5 കോടി രൂപയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ അധികമായി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: പരുതൂർ, മുതുതല, തിരുവേഗപ്പുറ കുടിവെള്ള

പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പരുതൂർ, മുതുതല, തിരുവേഗപ്പുറ കുടിവെള്ള പദ്ധതിയുടെ പ്രാഥമിക സർവ്വേ പൂർത്തിയാക്കുകയും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ആനക്കര, പട്ടിത്തറ, കപ്പൂർ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ജൽജീവൻ പദ്ധതി മുഖേന ബാക്കിയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതുമാണ്.

(8) ലോ ഫ്ലോർ എ.സി. ബസ് സർവ്വീസ്

ശ്രീമതി ഗീതാ ഗോപി: കൊടുങ്ങല്ലൂർ-പൊന്നാനി ദേശീയപാതയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്ന് കോഴിക്കോട് പോകുന്നതിനായി ലോ ഫ്ലോർ എ.സി. ബസ് സർവ്വീസ് ആരംഭിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോഴിക്കോട് നിന്നും പൊന്നാനി-തൃശ്ശൂർ വഴി നെടുമ്പാശ്ശേരിയിലേയ്ക്ക് നിലവിൽ ലോ ഫ്ലോർ എ.സി. ബസ് സർവ്വീസ് നടത്തുന്നുണ്ട്. സാധ്യതാപഠനം നടത്തി വിജയകരമാകുമോ എന്ന് പരിശോധിച്ചശേഷം കൊടുങ്ങല്ലൂർ-പൊന്നാനി റൂട്ടിന്റെ കാര്യം പരിഗണിക്കുന്നതാണ്.

## (9) പുലമൺ മേൽപ്പാലം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര പുലമൺ മേൽപ്പാലം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കൊട്ടാരക്കര ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പുലമൺ മേൽപ്പാല നിർമ്മാണം അനിവാര്യമായതിനാൽ വർദ്ധിപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകുന്നതും അധിക തുക എസ്.ഡി.ജി. വഴി നൽകുന്നതുമാണ്.

## (10) മിശ്രവിവാഹിതർക്കുള്ള സംവരണാനുകൂല്യങ്ങൾ

ശ്രീ. പി. ടി. തോമസ്: സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തിയും നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയും ആനുകൂല്യങ്ങൾക്കുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചും മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായവും സർവ്വീസിലുള്ളവർക്ക്

സ്ഥലംമാറ്റത്തിന് മുൻഗണനയും നൽകിവരുന്നുണ്ട്. ഇവർക്ക് വിവാഹശേഷം ഒരു വർഷം വരെ താമസിക്കുന്നതിനുള്ള സേഫ് ഹോം പദ്ധതി പ്രാവർത്തികമാക്കുന്നതാണ്. പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. നിയമനിർമ്മാണത്തിന്റെ കാര്യം പരിശോധിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ IX | - | വാഹന നികുതികൾ (167,55,14,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XLI | - | ഗതാഗതം (1580,13,11,000 രൂപ) |

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം
(628,39,19,000 രൂപ)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. കൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനകീയവും സുതാര്യവുമായ ഭരണമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. തീരദേശ മേഖലയിലുള്ളവരുടെ ജീവിതസുരക്ഷ ഉറപ്പുവരുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി മത്സ്യമേഖലയിൽ അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്ന ജലാശയങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് മത്സ്യകൃഷി വർദ്ധിപ്പിക്കണം. മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.

വാഹനാപകടങ്ങൾ കുറയ്ക്കാനും ഗതാഗതം സുഗമമാക്കാനുമുള്ള നടപടികളിൽ ശ്രദ്ധചെലുത്തണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടലാക്രമണം രൂക്ഷമായ പൂന്തുറ-വേളി, ബീമാപള്ളി-ചെറിയതുറ പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിനും നശിച്ചുപോയ പുലിമുട്ടുകൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവനപദ്ധതി ആവിഷ്കരിക്കുന്നതിനും നഗരപ്രദേശങ്ങളിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. ഓഖി ദുരന്തത്തിനിരയായവരുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുകയും ജോലിയും നൽകണം. സമഗ്ര തീരദേശ പാക്കേജിന്റെ ഡി.പി.ആർ. തയ്യാറാക്കി പദ്ധതി യാഥാർത്ഥ്യമാക്കണം. ഇറാനിൽ അകപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളെ നാട്ടിലെത്തിക്കാൻ അടിയന്തര ഇടപെടലുണ്ടാകണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളവും പെൻഷനും നൽകുന്നതിനും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പുനഃസ്ഥാപിക്കുന്നതിനും ജീവനക്കാർക്ക് ചികിത്സാസഹായം നൽകുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും ആശ്രിത

നിയമനം നടത്തുന്നതിനും മുൻകയ്യെടുക്കണം. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കണം.

ശ്രീമതി ഗീതാ ഗോപി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്ന വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. 'പുനർഗേഹം' പദ്ധതി യാഥാർത്ഥ്യമാക്കിയതും തീരദേശ പാക്കേജ് പ്രഖ്യാപിച്ചതും തോപ്പുംപടി ഉൾപ്പെടെയുള്ള 25 മത്സ്യബന്ധന തുറമുഖങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതും തീരദേശ അനുബന്ധ മേഖലകളുടെ വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് തുക അനുവദിച്ചതും സ്പോർട്സ് കോച്ചുകളെ നിയമിച്ചതും ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കണം. ഗ്രാമപ്രദേശങ്ങളിൽ വെട്ടിക്കുറച്ച സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനും ജലഗതാഗതത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും ട്രാഫിക് റെഗുലേറ്ററി സിസ്റ്റം ഏർപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

രാത്രിയാത്രാ പരിശോധനയ്ക്കായി വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനും ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ആർ.ടി. ഓഫീസുകളിലെ ഓൺലൈൻ സംവിധാനം കുറ്റമറ്റതാക്കണം. 20 വർഷം കഴിഞ്ഞ ബസുകൾ കണ്ടം ചെയ്യുന്നതിനും ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനും നടപടിയുണ്ടാകണം. ആർ.ടി. ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മോട്ടോർ വാഹന കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. മഞ്ചേശ്വരത്ത് ആർ.ടി. ഓഫീസ് സ്ഥാപിക്കണം. കാസർഗോഡ് ജില്ലയിൽ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്കായി ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും മാരകരോഗംമൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ദാസൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പശ്ചാത്തല സൗകര്യ വികസനത്തിനും ജനക്ഷേമ പദ്ധതികൾക്കും പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ പദ്ധതികൾക്കും ഊന്നൽ നൽകുന്ന ധാരാളം പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്. 'പുനർഗേഹം' പദ്ധതി നടപ്പിലാക്കിയതും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകാൻ തീരുമാനമെടുത്തതും മുട്ടത്തറയിൽ

ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകിയതും ലൈഫ് പദ്ധതിയിലെ നിബന്ധനകളിൽ ഇളവ് നൽകി കൂടുതൽ മത്സ്യത്തൊഴിലാളികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതും അഭിനന്ദനാർഹമാണ്. കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനായി ബജറ്റിൽ ആയിരം കോടി രൂപ വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പുതിയ ബസ്സുകൾ നിരത്തിലിറക്കാനും റദ്ദാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കാനും റോഡ് സേഫ്റ്റി കൗൺസിലിന്റെ പ്രവർത്തനം വിപുലീകരിക്കാനും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പാക്കേജ് തയ്യാറാക്കാനും ദീർഘദൂര സർവ്വീസുകളുടെ ഷെഡ്യൂളുകൾ ക്രമീകരിച്ച് സർവ്വീസുകൾ ലാഭകരമാക്കാനും മുടക്കമില്ലാതെ പെൻഷൻ നൽകാനും എംപാനൽ ജീവനക്കാരെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. കേരളത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതോടൊപ്പം രാസപദാർത്ഥങ്ങൾ കലർത്തി വരുന്ന മത്സ്യങ്ങൾ പിടിച്ചെടുക്കുന്നതിന് ഇൻസ്പെക്ഷൻ വിംഗ് ശക്തിപ്പെടുത്തണം. 'ഒരു നെല്ലും ഒരു മീനും' പദ്ധതി വ്യാപകമാക്കാനും പ്രളയദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടസൗകര്യമൊരുക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. അബ്ദുറഹിമാൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭവന പദ്ധതി,

വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഓഖി ബാധിതരുടെ പുനരധിവാസം, മരണാനന്തര ധനസഹായം ഉൾപ്പെടെ തീരദേശമേഖലയിൽ 4,496 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത് അഭിമാനാർഹമാണ്. താനൂർ മണ്ഡലത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യമേഖലയെ സംരക്ഷിക്കുന്നതിലും പുനരധിവാസം ഉൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. മത്സ്യമേഖലയ്ക്ക് അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സി.ആർ.ഇസഡ്. നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കുന്നതിനും പുനർഗേഹം, ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികൾക്കും മത്സ്യബന്ധന സാമഗ്രികൾ വാങ്ങുന്നതിനുമുള്ള തുക വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം 2014 വരെ രജിസ്റ്റർ ചെയ്തവർക്കുകൂടി ലഭ്യമാക്കുന്നതിനും മണ്ണെണ്ണ സബ്സിഡി, ഉല്പാദന ബോണസ് എന്നിവ നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതിയിലൂടെ രണ്ടുലക്ഷത്തിലധികം വീടുകൾ പൂർത്തീകരിക്കാനും

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ആളോഹരി വരുമാനം വർദ്ധിപ്പിക്കാനുമുതകുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ടി മേഖലയിലെ പെൺകുട്ടികൾക്ക് സൈക്കിൾ നൽകുന്നതിനും പുനർഗേഹം പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകിയതും ഇന്ധന സബ്സിഡി പൂർണ്ണമായും കൊടുക്കാൻ സാധിച്ചതും ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചതും മറൈൻ ആംബുലൻസ് സർവ്വീസ് ആരംഭിച്ചതും എൽ.കെ.ജി. മുതൽ ഡിഗ്രിവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് പൂർണ്ണമായും ഏറ്റെടുത്തതും സർക്കാരിന്റെ നേട്ടങ്ങളാണ്. മത്സ്യ അനുബന്ധമേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളെ അപകട ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും സേഫ് കേരള പദ്ധതി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മെച്ചപ്പെട്ട ഇന്ധനക്ഷമത, ടയറിന്റെ ആയുർദൈർഘ്യം തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി.-യിൽ അനിവാര്യമാണ്. PISCO (Price Index for Sales Carriage Operation)-യിൽ കെ.എസ്.ആർ.ടി.സി.യിലെ

പെൻഷനടക്കമുള്ള സർവ്വീസ് ഇതര ചെലവുകൾ ഉൾപ്പെടുത്തി വരുമാനം കണ്ടെത്താനുള്ള നടപടി സ്വീകരിക്കണം. കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന ഹെവി വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ഗതാഗത നിയമലംഘനങ്ങൾക്ക് ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീയുടെ അമ്പത് ശതമാനവും വൺടൈം സെസ്സും റോഡ് സേഫ്റ്റി ഫണ്ടിൽ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാനും നടപടിയുണ്ടാകണം.

ശ്രീ. പി. സി. ജോർജ്: മത്സ്യബന്ധന മേഖലയിൽ മികച്ച പ്രവർത്തനമാണ് ഈ സർക്കാർ കാഴ്ചവയ്ക്കുന്നത്. ലാഭകരമല്ലാത്ത സർവ്വീസുകൾ നിർത്തലാക്കാനും സേഫ് സോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും ഹെൽമറ്റ് ധരിക്കാത്തവർക്കെതിരെ കേസെടുക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതി ദുരന്തം നേരിടുന്നതിനായി ഏഴ് ജില്ലകളിൽ 14 പ്രത്യേക ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും ഈ കേന്ദ്രങ്ങളിൽ എമർജൻസി റെസ്പോൺസ് ടീമുകളെ പരിശീലിപ്പിക്കുന്നതും സർക്കാരിന്റെ നേട്ടങ്ങളാണ്. കാലാവസ്ഥാ വ്യതിയാനം മുൻനിർത്തി പരിസ്ഥിതി സൗഹൃദവികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പുനർഗേഹം, ശുചിത്വസാഗരം പദ്ധതികൾ

നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്തതും ഇൻഷ്വറൻസ് ആനുകൂല്യം വർദ്ധിപ്പിച്ചതും സാഗര മൊബൈൽ ആപ് പ്രവൃത്തിപഥത്തിലെത്തിച്ചതും സർക്കാരിന്റെ നേട്ടമാണ്. നൂതന പദ്ധതികൾ ആവിഷ്കരിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും അലങ്കാരമത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ നിരക്ക് കുറയ്ക്കാൻ സാധിച്ചതും ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിച്ചതും ഗതാഗത വകുപ്പിന്റെ പ്രവർത്തന മികവാണ്.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസവും മത്സരപ്പരീക്ഷകൾക്കായി സൗജന്യ പരിശീലനവും നൽകുന്നതിനും ഇൻഷ്വറൻസ് പദ്ധതിയുടെ തുക വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ശുചിത്വസാഗരം പദ്ധതി ആവിഷ്കരിക്കുന്നതിനും മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ അന്തിപ്പച്ച പദ്ധതി നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനും ജലഗതാഗത മേഖലയിൽ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള തീരുമാനം

സ്വാഗതാർഹമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബൈക്ക്, കാർ, സ്വകാര്യ മുച്ചക്ര വാഹനം എന്നിവയുടെ നികുതി വർദ്ധിപ്പിച്ചതും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് ത്രൈമാസ നികുതി കൂട്ടിയതും പ്രതിഷേധാർഹമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കാനും വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കാനും ആശ്രിതനിയമനം നടത്താനും ക്ഷാമബത്ത കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. മണ്ണാർക്കാട്-അട്ടപ്പാടി ഭാഗത്തേയ്ക്ക് ചുരംവഴി പോകുന്ന പഴയ ബസ്സുകൾക്ക് പകരം പുതിയവ അനുവദിക്കണം. തലപ്പാറ മുതൽ കോഴിക്കോട് അതിർത്തിവരെയുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കണം. കടൽഭിത്തി, പുലിമുട്ട് നിർമ്മാണങ്ങൾക്കായി ബജറ്റിൽ കൂടുതൽ തുക വകയിരുത്തണം.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യബന്ധന മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും മത്സ്യ അനുബന്ധത്തൊഴിലാളികൾക്ക് തൊഴിൽസാധ്യത ഉറപ്പാക്കാനും സർക്കാർ ഇടപെടണം. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് കൊള്ളയടിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പ്രതിഷേധിക്കണം. സംയോജിത ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാനത്തെ പൊതുഗതാഗത സമ്പ്രദായത്തിൽ

മാറ്റമുണ്ടാക്കാനും അപകടരഹിതമായ ഗതാഗതസംവിധാനം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യത്തൊഴിലാളികൾക്കായി അനുവദിക്കുന്ന പദ്ധതിവിഹിതം ഫലപ്രദമായി വിനിയോഗിക്കാനും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും മുൻകയ്യെടുക്കണം. കോസ്റ്റൽ ഹൈവേ പ്രോജക്ട് പ്രാവർത്തികമാക്കാനും കടൽക്ഷോഭത്തിനിരയാകുന്ന തീരദേശ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉറപ്പാക്കാനും നടപടി സ്വീകരിക്കണം. മത്സ്യബന്ധന വകുപ്പിന്റെ ഭവനപദ്ധതി പുനരാരംഭിക്കാനും ലൈഫ് മിഷനിലൂടെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായ വീടുകളുടെ വിവരം വെളിപ്പെടുത്താനും ആവശ്യമായ ശൗചാലയങ്ങൾ നിർമ്മിച്ചു നൽകാനും നടപടിയുണ്ടാകണം. ഗതാഗത മേഖലയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയ്ക്കും കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്കും പരിഹാരമുണ്ടാകണം.

## VI വ്യക്തിപരമായ വിശദീകരണം

### പത്രവാർത്ത സംബന്ധിച്ച്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഞാൻ സ്ത്രീത്വത്തെ അപമാനിച്ചു എന്ന് ചില

പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അത്രർ എം.എൽ.എ. പ്രസംഗത്തിനിടയിൽ നടത്തിയ പരാമർശം അടിസ്ഥാനരഹിതമാണ്. അത്തരം പ്രസ്താവന ഒരിടത്തും നടത്തിയിട്ടില്ല.

**ധനകാര്യം (തുടർച്ച)**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഗതാഗത മേഖലയെ ആധുനിക കാലഘട്ടവുമായി സമരസപ്പെടുത്തി ജനങ്ങൾക്കിടയിൽ മികച്ച സേവനം കാഴ്ചവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉടമകൾ സഹകരിക്കണം. ഇ-വെഹിക്കിൾ പോളിസിയിലൂടെ ഇന്ധനച്ചെലവും അന്തരീക്ഷ മലിനീകരണവും പരമാവധി കുറയ്ക്കാൻ സാധിക്കും. ഇലക്ട്രിക് വാഹനങ്ങളുടെ നികുതി നിർദ്ദേശങ്ങൾ മികച്ച രീതിയിൽ പരിഷ്കരിക്കുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ദീർഘിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആർ.ടി. ഓഫീസുകൾ വഴിയുള്ള ജനസേവനം മെച്ചപ്പെടുത്തുക, ആർ.ടി. ഓഫീസുകളില്ലാത്ത താലൂക്കുകളിൽ ആർ.ടി. ഓഫീസ് സ്ഥാപിക്കുക എന്നിവയും ഗവൺമെന്റിന്റെ നയമാണ്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷനും ശമ്പളവും കൃത്യമായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്രൂ ചേഞ്ച് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ

കാസർഗോഡ്-മംഗലാപുരം റൂട്ടിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് വിശ്രമമില്ലാതെ വാഹനമോടിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത്യാധുനിക സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ കൊച്ചിയിലെ വാട്ടർ ട്രാൻസ്പോർട്ട് സർവ്വീസുകൾ നേരിടുന്ന പ്രയാസം പരിഹരിക്കാൻ കഴിയുന്നതാണ്. 4 വാട്ടർ ടാക്സികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പുതിയ ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ ഈയാഴ്ചതന്നെ ആരംഭിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ചർച്ചയിലെ ക്രിയാത്മകമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി വരുത്തുകയും ചെറുമത്സ്യങ്ങളെ പിടിക്കുന്നതിന് ശിക്ഷ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കടൽമത്സ്യസമ്പത്ത്/ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി കായലുകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് massive campaign

നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുന്നതാണ്. ലൈഫ് പദ്ധതിവഴി മത്സ്യത്തൊഴിലാളികൾക്ക് 1347 വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി നൽകുന്നതിനും വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചുനൽകുന്നതിനും സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ തീരപ്രദേശത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മത്സ്യഫെഡ് വഴി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 559 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് 150.3 കോടി രൂപ മണ്ണെണ്ണ സബ്സിഡിയായും അവരുടെ കുട്ടികൾക്ക് 108 കോടി രൂപ ലംപ്സംഗ്രാന്റായും നൽകിയിട്ടുണ്ട്. 6 കോടി രൂപ ചെലവിൽ വലിയതുറ ഫിഷറീസ് സ്കൂൾ ഹൈടെക് ആക്കിമാറ്റിയിട്ടുണ്ട്. 2500-ഓളം സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിന് 12 കോടി രൂപയുടെയും മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇൻഷ്വർ ചെയ്യുന്നതിന് 3 കോടി രൂപയുടെയും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## VIII പ്രത്യേക പരാമർശം

<u>മിന്നൽ പണിമുടക്ക്</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മിന്നൽ പണിമുടക്ക് കാരണം തിരുവനന്തപുരം നഗരത്തിലെ ഗതാഗതം അഞ്ചുമണിക്കൂറോളം സ്തംഭിക്കുകയും ഒരാൾ കുഴഞ്ഞുവീണ് മരിക്കുകയും ചെയ്തു. ഈ വിഷയത്തിൽ അടിയന്തര ഇടപെടലുണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u>: പണിമുടക്ക് പിൻവലിച്ചിട്ടുണ്ട്. ഒരാൾ കുഴഞ്ഞുവീണ് മരിക്കാനിടയായ സാഹചര്യം അന്വേഷിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ധനകാര്യം (തുടർച്ച)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും 34-നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.28-ന് പിരിഞ്ഞു.)

******